പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*28 12.01.2021-ൽ മറുപടിക്ക്

വികസന, ജനക്ഷേമ പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണം

| ചോദ്യം<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.ജോർജ് എം.തോമസ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കി, അവയുടെ നിർവ്വഹണ പുരോഗതി പൊതുജനങ്ങളെ അറിയിക്കുന്നതിനായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് നടപടിയെടുത്ത ആദ്യ സർക്കാരെന്ന നിലയിൽ വിവിധ പദ്ധതികൾ കൂടുതൽ ജനസൗഹൃദപരവും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് ജനസൗഹൃദവും കാര്യക്ഷമവുമായിട്ടുള്ള വിവിധ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കാർഷിക മേഖലയിൽ കൃഷിയിടങ്ങൾ വ്യാപിപ്പിക്കുകയും തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. വിള ഇൻഷുറൻസ് നടപ്പാക്കുന്നതിലൂടെ കൃഷിക്കാർക്ക് നഷ്ടം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചതിലൂടെ കൃഷിക്കാർക്കും ഉപഭോക്താക്കൾക്കും അതിന്റെ പ്രയോജനം ലഭിച്ചു. വ്യവസായമേഖലയിൽ സ്റ്റാർട്ടപ്പുകളും, ഏകജാലക സംവിധാനങ്ങളും ആരംഭിച്ചതിലൂടെ വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകി. ചെറികിട വ്യവസായങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കാൻ നിയമനിർമ്മാണം കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ **പ്ലാൻ സ്പേസ് സോഫ്റ്റ്‌വെയർ** സംവിധാനത്തിലൂടെ പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ സാധിക്കുന്നു. സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനം (ഐ.എൽ ജി.എം.എസ്),സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സ്റ്റാൻഡേർഡ്, ടെണ്ടർ സംവിധാനം, ഡി.ബി.ടി സംവിധാനം എന്നിവയിലൂടെ പദ്ധതികൾ കൂടുതൽജനസൗഹൃദപരവുംകാര്യക്ഷമവുമാക്കുന്നതിന് സാധിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ വേഗത്തിൽ പൂർത്തിയാകുന്നതിനും അവയുടെ നിർമ്മാണം യഥാസമയം അവലോകനം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം നടത്തുകയും. പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു.<br><br>മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി നിർവഹണപുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതി രൂപീകരണ ചർച്ചയിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. പ്ലാൻ സ്പേസ് സാങ്കേതിക വിദ്യ സംസ്ഥാനത്തുടനീളം മോണിറ്ററിങ്ങിനായി ഉപയോഗപ്പെടുത്തുന്നു.<br><br>ജില്ലാ തലത്തിൽ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ചുമതല നൽകിയിട്ടുള്ള മന്ത്രിമാർ കൃത്യമായ ഇടവേളകളിൽ പുരോഗതി അവലോകനം നടത്തി പ്രവർത്തന പുരോഗതി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നു.<br><br>കൂടാതെ ജില്ലാതലത്തിൽ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സന്റെയും, ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ ഓരോ മാസവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി വിലയിരുത്തി നിർവഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ജില്ലാ തലത്തിൽ എല്ലാ മാസവും അവസാന ശനിയാഴ്ച ദിവസങ്ങളിൽ ജില്ലാ വികസന സമിതി കൂടുകയും ബഹുമാനപെട്ട എം പി മാർ, എം എൽ എ മാർ എന്നിവർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ വിവിധ വകുപ്പുകളുടെ ജില്ലാ തല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രളയവും ഓഖിയും നിപയും കോവിഡും പോലെയുള്ള ദുരന്തങ്ങൾ പ്രതിസന്ധി സൃഷ്ടിച്ചപ്പോഴും വികസന പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും കൂടുതൽ ജനക്ഷേമകരമായ പദ്ധതികൾ രൂപീകരിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | വിവരങ്ങൾ ശേഖരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

പ്രളയാനന്തര കേരളത്തെ പരിസ്ഥിതി സൗഹൃദപരവും അതിജീവനക്ഷമതയുള്ളതുമായ തരത്തിൽ പുനർനിർമ്മിക്കുന്നതിനായി സമഗ്രവും സർവ്വതല സ്പർശിയുമായ ആസൂത്രണ പദ്ധതി രൂപപ്പെടുത്തുന്നതിനും പുനർനിർമ്മാണ പ്രക്രിയയ്ക്ക് ഭരണപരമായ നേതൃത്വം നൽകുന്നതിനുംവേണ്ടി സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (RKI) രൂപം നൽകി പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗത കാര്യക്ഷമത ഉൾച്ചേർക്കൽ. നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗം നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട കാര്യക്ഷമത ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാനസമീപനങ്ങൾ പാലിച്ചുകൊണ്ട് കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിലാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്.

- കേരള പുനർനിർമ്മാണത്തിനായി പങ്കാളിത്തപരവും സമഗ്രവുമായ പ്രക്രിയയിലൂടെ കേരള പുനർനിർമ്മാണ വികസന പരിപാടി(RKDP) വികസിപ്പിച്ചു. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയാണ് RKDP ഇത്തരത്തിലുള്ള പുനർനിർമ്മാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടുകിടക്കുന്നതുമായ (cross cutting) നയസമീപനം സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുള്ളതുമായ പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപപദ്ധതികൾ തുടങ്ങിയവ RKDP യിൽ ഉൾപ്പെടുന്നു. വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥവ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികൾ എന്നിവ പരിഗണിച്ചുള്ള ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ള കേരള പുനർനിർമ്മാണത്തിന് കരുത്തേകുന്നതാണ് RKDP.

- ആർ.കെ.ഐ യുടെ പദ്ധതിനിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം അവലോകനം ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിനായി ഒരു സോഫ്റ്റ് വെയർ അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) വികസിപ്പിക്കുയും അതുമുഖേന പൊതുജനങ്ങൾക്ക് പദ്ധതിപുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് മാർച്ച് 31- ന മുമ്പ് അംഗീകാരം വാങ്ങിച്ച് ഏപ്രിൽ 1 മുതൽ നിർവ്വഹണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സബ്സിഡി നിരക്കുകൾ വർദ്ധിപ്പിക്കുകയും വകുപ്പുകളുടെ നിരക്കുകളുമായി ഏകീകരിക്കുകയും ചെയ്തു.
- പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികൾക്ക് കൂടുതൽ ശ്രദ്ധയും വിഹിതവും വകയിരുത്തി.
- വിവിധ ജനക്ഷേമ വികസന പദ്ധതികൾ ഉൾപ്പെടുത്തി ഒന്നാം ഘട്ട നൂറു ദിന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.

- പദ്ധതി മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തി. ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ രൂപീകരിച്ചു.
- പന്ത്രണ്ടിന പരിപാടികൾ ആവിഷ്കരിച്ചു.
- കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി
- അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗിസൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആർദ്രം മിഷൻ എന്ന പദ്ധതി ആരംഭിച്ചു .
- സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനം, ഹൈടെക്-സ്കൂൾ പ്രോജക്ട് പദ്ധതി ശക്തിപ്പെടുത്തി.
- **ആവാസ്:** എല്ലാ അതിഥി തൊഴിലാളികൾക്കും 'ആവാസ്' എന്ന പേരിൽ മെഡിക്കൽ ഇൻഷുറൻസ് പദ്ധതി കേരളം ഉറപ്പ് നൽകുന്നു.
- സാമൂഹ്യസുരക്ഷാ പെൻഷൻ, സുഭിക്ഷ കേരളം, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, ആരോഗ്യമേഖലയുടെ പുനരുജ്ജീവനം, സൗജന്യ ഭക്ഷ്യകിറ്റ്, സൗജന്യ റേഷൻ, തരിശുഭൂമി കൃഷി, ജനകീയ ഹോട്ടൽ, ദേശീയപാത വികസനം, ബൈപാസ് നിർമ്മാണം തുടങ്ങി അനേകം ജനക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു.

പ്രളയം, ഓഖി, നിപ്പ, കോവിഡ് എന്നീ ദുരന്തങ്ങളിൽ വിവിധ കേന്ദ്ര സേനകൾ, സർക്കാർ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ അടിയന്തര രക്ഷാ പ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ചുകൊണ്ട് ദുരന്ത നിവാരണ വകുപ്പിൽ നിന്നും നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ ഗ്രസിച്ച ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ savings cum relief scheme ൽ അംഗങ്ങൾ ആയവർക്ക് 2000 രൂപ വീതം നല്കാൻ തീരുമാനിക്കുകയും ആയതിനായി സർക്കാർ 33.95 കോടി രൂപ അനുവദിക്കുകയും മരണമടഞ്ഞ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 5 ലക്ഷം രൂപയും നൽകി. മരണമടഞ്ഞവരുടെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകാൻ തീരുമാനിച്ചു. 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ക്യാമ്പിൽ നിന്ന് വീട്ടിലേക്ക് മടങ്ങുന്നവർക്ക് ആവശ്യസാധനങ്ങൾ അടങ്ങുന്ന 7 ലക്ഷത്തിൽ അധികം കിറ്റുകൾ വിതരണം ചെയ്തു. തോട്ടം തൊഴിലാളികൾക്ക് സൗജന്യ റേഷൻ ലഭ്യമാക്കി. പ്രളയക്കെടുതിയിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് ഫീസ് ഈടാക്കാതെ ഡ്യൂപ്ലിക്കേറ്റ്/പുതിയത് നൽകണം എന്ന് നിർദേശിച്ചു. 2018-ലെ പ്രളയത്തിൽ ദുരിതമനുഭവിച്ചവർക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ ബാങ്ക് വഴി നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകി. സംസ്ഥാന തലത്തിൽ 6,93,297 വീടുകളും 7,610 പൊതുസ്ഥാപനങ്ങളും 3,00,956 കിണറുകളും വൃത്തിയാക്കി.